**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5610** **24-03-2025 - ൽ മറുപടിയ്ക്ക്**

**മാവേലിക്കര ജില്ലാ ആശുപത്രിയിൽ ക്യാൻസർ കെയർ സെന്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കരയിലെ ജില്ലാ ആശുപത്രിയിൽ ക്യാൻസർ കെയർ സെന്റർ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (എ) | മാവേലിക്കരയിലെ ജില്ലാ ആശുപത്രിയിൽ നിലവിൽ പ്രവർത്തിച്ചു വരുന്ന ക്യാൻസർ കെയർ യൂണിറ്റിൽ ക്യാൻസർ സ്ക്രീനിംഗ്, പാലിയേറ്റീവ് കീമോ തെറാപ്പി, പെയിൻ ക്ലിനിക്ക് എന്നിവ സജ്ജീകരിച്ചിട്ടുണ്ട്. ആഴ്ചയിൽ 4 ദിവസം ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയോഗിച്ചിട്ടുള്ള ഒരു ഡോക്ടറെയാണ് പ്രസ്തുത ക്യാൻസർ കെയർ യൂണിറ്റിൽ സേവനത്തിനായി നിയോഗിച്ചിരിക്കുന്നത്. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിൽ പ്രസ്തുത ക്യാൻസർ ചികിത്സ കേന്ദ്രം സജ്ജീകരിച്ച് വിപുലീകരിക്കാവുന്നതാണ്. |
| (ബി) | വിവിധ സർക്കാർ ഫണ്ടുകൾ ഉപയോഗിച്ച് മാവേലിക്കര മണ്ഡലത്തിലെ ആരോഗ്യ സ്ഥാപനങ്ങളിൽ നടത്തി വരുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതിയും അനുവദിക്കപ്പെട്ട തുകയും വിശദമാക്കുമോ? | (ബി) | മാവേലിക്കര ജില്ലാ ആശുപത്രിയിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് നിർമ്മിക്കുന്നതിനും അനുബന്ധ സംവിധാനങ്ങൾക്കുമായി 16/04/2018 തീയതിയിലെ സ.ഉ (സാധാ) നം. 1247/2018/ആ.കു.വ പ്രകാരം 126.55 കോടി രൂപയുടെ ഭരണാനുമതി നൽകിയും തുടർന്ന് 102.79 കോടി രൂപയുടെ സാമ്പത്തിക അനുമതി ലഭ്യമാക്കിയും INKEL നെ SPV (Special Purpose Vehicle) ആയി ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. M/S SILPA Construction Ltd മുഖേനയുള്ള പ്രസ്തുത ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തികൾ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. ആശുപത്രി ബ്ലോക്കിന്റെ നിർമ്മാണ പുരോഗതി 65 ശതമാനവും മൊത്തം നിർമ്മാണ പുരോഗതി 56 ശതമാനവും ആണ്. കൂടാതെ വള്ളികുന്നം കുടുംബാരോഗ്യ കേന്ദ്രത്തിൽ 1.75 കോടി രൂപയ്ക്ക് നിർമ്മിക്കുന്ന ഐസൊലേഷൻ വാർഡിന്റെ നിർമ്മാണ പ്രവൃത്തികളും നടന്നു വരുന്നു.<br><br>ചുനക്കര സാമൂഹിക ആരോഗ്യ കേന്ദ്രത്തിൽ എം.എൽ.എ യുടെ ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് ഒന്നരക്കോടി രൂപയ്ക്ക് നിർമ്മിക്കുന്ന |

| | | | |
|---|---|---|---|
| | | | പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളും നടന്നു വരുന്നു. നിലവിൽ 60% പൂർത്തീകരണം നടന്നിട്ടുണ്ട്. മാവേലിക്കര മണ്ഡലത്തിലെ മറ്റ് പ്രവൃത്തികൾ ഇതിനോടകം തന്നെ പൂർത്തീകരിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ